TUESDAY 30/09/2025 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**


Chief Editor: SINDHU. KS Editor: Dr. V. Krishnadas

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 30/09/2025

1. പച്ചക്കറി ഉൽപ്പാദനത്തിൽ കേരളം സ്വയംപര്യാപ്തത കൈവരിക്കുമെന്ന് സഹകരണ വകുപ്പ് മന്ത്രി വിഎൻ വാസവൻ പറഞ്ഞു. കൃഷിവകുപ്പും ജില്ലാ പഞ്ചായത്തും സംയുക്തമായി സംഘടിപ്പിക്കുന്ന കോഴ ഫാം ഫെസ്റ്റ് ഹരിതാരവം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി. ഒന്നാം പിണറായി സർക്കാരിൻറെ കാലംമുതൽ നടപ്പിലാക്കിവരുന്ന വിവിധ കാർഷിക പദ്ധതികളിലൂടെ ആയിരക്കണക്കിന് ഏക്കർ തരിശുഭൂമി കൃഷിയോഗ്യമാക്കി മാറ്റുവാൻ സാധിച്ചു. ഇതിലൂടെ കാർഷിക മേഖലയിൽ മുന്നേറ്റം ഉണ്ടാക്കുവാൻ നമുക്ക് സാധിച്ചുവെന്നും മന്ത്രി പറഞ്ഞു. സ്വദേശത്തും വിദേശത്തും വിപണനം ചെയ്യാൻ സാധിക്കുന്ന കാർഷിക വിളകൾ ഉൽപാദിപ്പിക്കണമെന്നും മന്ത്രി പറഞ്ഞു. കുറവിലങ്ങാട് കവലയിൽ നിന്നും ആരംഭിച്ച കർഷക ഘോഷയാത്രയോടുകൂടി ഫാം ഫെസ്റ്റിന് തുടക്കം കുറിച്ചത്. ഫെസ്റ്റിന്റെ ഭാഗമായി പ്രദർശന വിപണന മേളകൾ, കർഷകസംഗമം, പാചക മത്സരം, കാർഷിക പരിശീലന ക്ലാസുകൾ, കലാപരിപാടികൾ എന്നിവ ഉണ്ടായിരിക്കും. കോഴ ഫാം ഫെസ്റ്റ്

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പരിപാടിയുടെ സമാപന സമ്മേളനം ഉദ്ഘാടനം ഇന്ന് (സെപ്റ്റംബർ 30 ന്) കാർഷിക വികസന കർഷകക്ഷേമ വകുപ്പ് മന്ത്രി പി പ്രസാദ് നിർവഹിക്കുന്നു .

2. മൂവാറ്റുപുഴ കാർഷിക ഗ്രാമീണ മൊത്ത വ്യാപാര വിപണിയിൽ ( ഇ ഇ സി മാർക്കറ്റ്) എല്ലാ ചൊവ്വാഴ്ചകളിലും കാർഷിക ഉൽപ്പന്നങ്ങളുടെ ലേലം നടത്തിവരുന്നു. വ്യാപാരികൾ, ഹോർട്ടികോർപ്പ് എന്നിവ മുഖാന്തിരം കാർഷിക ഉൽപ്പന്നങ്ങൾ ന്യായമായ വിലക്ക് വിറ്റഴി ക്കുന്നതിന് കർഷകരെ സഹായിക്കുക എന്നതാണ് ലേലത്തിൻ്റെ പ്രധാന ലക്ഷ്യം. ഉൽപ്പന്നങ്ങൾ എത്തിക്കുന്നതിനായി കിലോക്ക് ഒന്നര രൂപ എന്ന നിരക്കിൽ വാഹന കൂലിയും അനുവദിക്കുന്നതാണ്. ലേലത്തിൽ പങ്കെടുക്കുന്നതിനായി കർഷകർക്കും കച്ചവടക്കാർക്കും എല്ലാ പ്രവത്തി ദിവസങ്ങളിലും വിപണിയിൽ രജിസ്ട്രേഷൻ സൗകര്യം ഉണ്ടായിരിക്കുന്നതാണ് എന്ന് കാർഷിക ഗ്രാമീണ മൊത്ത വ്യാപാര വിപണി സെക്രട്ടറി അറിയിച്ചു.

3. ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ കമ്പ്യൂട്ടർ ലാബിൽ യങ് പ്രൊഫഷണൽ (ഹാർഡ് വെയർ & നെറ്റ് വർക്കിങ്) നെ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

താൽകാലികാടിസ്ഥാനത്തിൽ നിയമിക്കാൻ 'വാക്ക്-ഇൻ ഇന്റർവ്യൂ' നടത്തുന്നു. അപേക്ഷകർ കമ്പ്യൂട്ടർ സയൻസ്, കമ്പ്യൂട്ടർ ആപ്ലിക്കേഷൻ, ഇൻഫർമേഷൻ ടെക്നോളജി ഇവയിലേതിലെങ്കിലും ബിരുദമോ ബിരുദത്തോടൊപ്പം കമ്പ്യൂട്ടർ ആപ്ലിക്കേഷനിൽ പി.ജി. ഡിപ്ലോമയോ അംഗീകൃത സർവ്വകലാശാലയിൽ നിന്നോ സ്ഥാപനങ്ങളിൽ നിന്നോ സ്റ്റേറ്റ് ബോർഡിൽ നിന്നോ കമ്പ്യൂട്ടർ എൻജിനീയറിങ്ങിൽ മൂന്നുവർഷത്തെ ഡിപ്ലോമയോടൊപ്പം ഹാർഡ് വെയർ മെയിന്റനൻസ് ഏകോപിപ്പിക്കുന്നതിലും വിവിധ സർക്കാർ ബിസിനസ് സിസ്റ്റങ്ങളെ ബന്ധിപ്പിക്കുന്ന നെറ്റ് വർക്ക് സപ്പോർട്ട് അല്ലെങ്കിൽ സെക്യൂരിറ്റി അപ്ലയൻസസ് സപ്പോർട്ട് എന്നിവയിൽ ഒരു വർഷത്തെ പ്രവൃത്തി പരിചയമുള്ളവരോ ആയിരിക്കണം. പ്രായം 2025 സെപ്റ്റംബർ 01-ന് 25 വയസ്സ് കവിയരുത്. താൽപര്യമുള്ളവർ പ്രായം, വിദ്യാഭ്യാസയോഗ്യത, പ്രവൃത്തിപരിചയം തുടങ്ങിയവ തെളിയിക്കുന്നതിനുള്ള അസ്സൽ സർട്ടിഫിക്കറ്റുകളും അവയുടെ സാക്ഷ്യപ്പെടുത്തിയ കോപ്പികളുമായി 2025 ഒക്ടോബർ 07-ന് രാവിലെ 11 മണിക്ക് കോട്ടയത്ത് പുതുപ്പള്ളിയിലുള്ള ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ അസിസ്റ്റന്റ് സെക്രട്ടറി

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

മുമ്പാകെ ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് 0481–2353311 (എക്സ്റ്റൻഷൻ 259) എന്ന ഫോൺനമ്പറിൽ ബന്ധപ്പെടുകയോ റബ്ബർബോർഡിന്റെ വെബ്സൈറ്റ് (www.rubberboard.gov.in) സന്ദർശിക്കുകയോ ചെയ്യാവുന്നതാണ്.

## പരിശീലന പരിപാടി

4. കേരള വെറ്റിനറി ആൻഡ് അനിമൽ സയൻസ് യൂണിവേഴ്സിറ്റിയുടെ ഗോട്ട് ആൻഡ് ഷീപ്പ് ഫാം മണ്ണുത്തിയിൽ വച്ച് **ആട് ഫാമിംഗ് ഭാവിയുടെ ബിസിനസ് എന്ന വിഷയത്തിൽ** നൂതന സാങ്കേതികവിദ്യകളേയും രോഗപ്രതിരോധ മാർഗ്ഗങ്ങളേയും പരിചയപ്പെടുത്തുന്ന ഏകദിന പരിശീലനം 06.10.2025 ന് രാവിലെ 9 മുതൽ വൈകീട്ട് 5 വരെ നടത്തുന്നു. രജിസ്ട്രേഷനും കൂടുതൽ വിവരങ്ങൾക്കും മൊബൈൽ നമ്പർ 9447796219. രജിസ്ട്രേഷൻ ചെയ്യാനുള്ള അവസാന തിയ്യതി 03.10.2025 വൈകീട്ട് 5 മണി വരെ.

5. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയിൽ 'കാട വളർത്തൽ', 'ആട് വളർത്തൽ' എന്നിവയിൽ സൗജന്യ പരിശീലനം സംഘടിപ്പിക്കുന്നു.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഒക്ടോബറിൽ നടക്കുന്ന പരിശീലനത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ള കർഷകർ സെൻട്രൽ ഹാച്ചറി പരിശീലന വിഭാഗവുമായി നേരിട്ടോ 0479–2452277 എന്ന ടെലഫോണ് വഴിയോ ബന്ധപ്പെട്ട് മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യണം. 7736336528 എന്ന വാട്സ്ആപ്പ് നമ്പറിലും പേര് രജിസ്റ്റർ ചെയ്യാവുന്നതാണ് .

6. <u>**കാർഷിക നിർദേശം**</u>

പച്ചക്കറിവിളകളിൽ കാണുന്ന ഇലചുരുളൽ, മൊസേക്ക് എന്നീരോഗങ്ങളെ നിയന്ത്രിക്കുന്നതിനായി ഇവ പരത്തുന്ന ചെറുകീടങ്ങളെ നിയന്ത്രിക്കുന്നതോടൊപ്പം രോഗം ബാധിച്ച ചെടികൾ നീക്കം ചെയ്യുകയും വേണം. ജൈവകീടനാശിനികളായ വേപ്പെണ്ണ, വെളുത്തുള്ളി മിശ്രിതം, വേപ്പധിഷ്ഠിതകീടനാശിനികൾ എന്നിവ ഇത്തരം ചെറുകീടങ്ങൾക്കെതിരെ തുടക്കത്തിൽതന്നെ പ്രയോഗിക്കാൻ ശ്രദ്ധിക്കുക.